**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2302** **12-12-2022 - ൽ മറുപടിയ്ക്ക്**

**ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് സ്പെഷ്യലിറ്റി ആശുപത്രിയായി മാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ കാസർഗോഡ് ജില്ലയിൽ പ്രത്യേകമായി രൂപപ്പെടുത്തി പ്രവർത്തനം ആരംഭിച്ച ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി നിലവിൽ മുന്നോട്ട് കൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച ഈ ആശുപത്രിയിൽ കോവിഡ് രോഗികൾ പൂർണ്ണമായും ഇല്ലാതായെങ്കിലും ഇവിടെ നിന്നും രോഗികൾക്ക് ജനറൽ ഒ പി സേവനം ലഭ്യമാക്കുന്നതിന് തടസ്സമില്ല.** |
| (ബി) | ജില്ലയിലെ പാവപ്പെട്ട രോഗികൾക്ക് ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സക്കായി അന്യസംസ്ഥാനത്തേയും ജില്ലകളെയും ആശ്രയിക്കേണ്ടി വരുന്നതിനാൽ അവർക്ക് സഹായകമാകും വിധം ഈ ആശുപത്രിയെ ഒരു സ്പെഷ്യലിറ്റി ആശുപത്രിയായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഈ ആശുപത്രിയിൽ നിന്നും ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായവർ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങൾക്കും മറ്റുള്ളവർക്കും സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിന് സാധിക്കുന്ന ആശുപത്രിയായി ഇതിനെ മാറ്റാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |
| (സി) | മേൽ സ്ഥാപനം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവന്ന് സ്പെഷ്യലിറ്റി ആശുപത്രിക്കായുള്ള ഭൗതികസാഹചര്യം ഉണ്ടാക്കാൻ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ, എം.എൽ.എ. മാർ, എം.പി, സ്വകാര്യ സംഭാവനകൾ എന്നിവ മുഖേന ഫണ്ട് സ്വരൂപിച്ച് തുടർനടപടി സ്വീകരിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഈ ആശുപത്രിയിൽ നിന്നും ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായവർ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങൾക്കും മറ്റുള്ളവർക്കും സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിന് സാധിക്കുന്ന ആശുപത്രിയായി ഇതിനെ മാറ്റാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ